കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ശ്രീ.കെ.പി.സാബുകുട്ടൻ നായരെ ലൈഫ് മിഷൻ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ പ്രതിമാസം 53000/- രൂപ ശമ്പളത്തിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ(സാധാ)നം.1329/2019/തസ്വഭവ തിരുവനന്തപുരം, തീയതി :28/06/2019

---

പരാമർശം :- ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18/05/2018, 23/03/2019, 18/05/2019 തീയതികളിലെ എൽ.എഫ്.10/2017/ലൈഫ് നം. കത്ത്.

## ഉത്തരവ്

പഞ്ചായത്ത് വകുപ്പിൽ നിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ വിരമിച്ച ശ്രീ.കെ.പി.സാബുകുട്ടൻ നായരെ ലൈഫ് മിഷൻ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അദ്ദേഹത്തിന്റെ സേവനം ഉപയോഗിച്ച വരുന്ന 2017 നവംബർ 15 മുതൽ മുൻകാല പ്രാബല്യത്തോടെ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

ശ്രീ.കെ.പി.സാബുകുട്ടൻ നായർക്ക് നാളിതുവരെ ലൈഫ് മിഷനിൽ നിന്ന് ശമ്പളമോ അലവൻസോ നൽകിയിട്ടില്ലായെന്നും ലൈഫ് മിഷൻ സംസ്ഥാന ഓഫീസിൽ ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ 15-11-2017 മുതൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ടിയാന് പ്രതിമാസം 60000/- രൂപ നിരക്കിൽ ശമ്പളം നൽകാവുന്നതാണെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പഞ്ചായത്ത് വകുപ്പിൽ നിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ വിരമിച്ച ശ്രീ.കെ.പി.സാബുക്കുട്ടൻ നായരെ ലൈഫ് മിഷൻ

ഡെപ്യൂട്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ 53000/- രൂപ ശമ്പളനിരക്കിൽ 2017 നവംബർ 15 മുതൽ മുൻകാല പ്രാബല്യത്തോടെ കരാറടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
ശ്രീ.കെ.പി.സാബുകുട്ടൻ നായർ, ഡെപ്യൂട്ടി സി.ഇ.ഓ, ലൈഫ് മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (DEV-1/329/2018/-FIN പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ